**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2977** 14-02-2024 - ല്‍ മറുപടിയ്ക്ക്

**എസ്.ടി ക്ഷേമ പദ്ധതികളില്‍ കണ്ടെത്തിയ ക്രമക്കേടുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണന്‍<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മുന്‍ സര്‍ക്കാരിന്റെ കാലം മുതല്‍ എസ്.ടി ക്ഷേമ പദ്ധതികളില്‍ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകള്‍ ഏന്തൊക്കെയാണെന്നും ക്രമക്കേട് കണ്ടെത്തിയ ഏജന്‍സികള്‍ ഏതാണെന്നും ഓരോന്നിലും എന്തൊക്കെ തുടര്‍നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (എ) | ഇടുക്കി ജില്ലയിലെ മറയൂര്‍ ട്രൈബല്‍ എക്സ്റ്റന്‍ഷന്‍ ഓഫീസിന്റെ പരിധിയില്‍ അഴിമതി കണ്ടെത്തിയത് വകുപ്പുതല കണക്ക പരിശോധന വിഭാഗമാണ്. വിജിലന്‍സ് VC 15/21/IDK നമ്പര്‍ കേസ് രജിസ്റ്റര്‍ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിജിലന്‍സ് റിപ്പോര്‍ട്ട് ലഭ്യമായിട്ടില്ല.<br><br>പത്തനംതിട്ട ജില്ലയില്‍ ട്രൈബല്‍ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയില്‍ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് കണ്ടെത്തിയത് വിജിലന്‍സ് വകുപ്പാണ്. പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പര്‍ കേസില്‍ വിജിലന്‍സ് റിപ്പോര്‍ട്ട് ലഭ്യമായതിനെത്തുടര്‍ന്ന് വകുപ്പില്‍ നിന്നും പ്രോസിക്യൂഷന്‍ അനുമതി നല്‍കിയിട്ടുമുണ്ട്.<br><br>ജനനീ ജന്മരക്ഷ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്യുന്നതിലുണ്ടായ ക്രമക്കേട് കണ്ടെത്തിയത് ധനകാര്യ വകുപ്പ് ഓഡിറ്റ് വിഭാഗമാണ്. തുടര്‍ന്ന് വിജിലന്‍സ് VC. 08/2017/SRT നമ്പരില്‍ കേസ് രജിസ്റ്റര്‍ ചെയ്യുകയും ചെയ്തിട്ടുണ്ട്. റിപ്പോര്‍ട്ട് ലഭ്യമായിട്ടില്ല.<br><br>കണ്ണൂര്‍ ഐ.ടി.ഡി പ്രോജക്ട് ഓഫീസിന്റെ അധികാര പരിധിയില്‍ ആലക്കോട് സൈറ്റ് മാനേജര്‍ ഭവന നിര്‍മ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലന്‍സ് അറസ്റ്റു ചെയ്യുകയും VC.03/2023/KNR എന്ന നമ്പരില്‍ കേസ് രജിസ്റ്റര്‍ ചെയ്യുകയും വിജിലന്‍സ് അന്വേഷണം പൂര്‍ത്തിയാകുന്നതുവരെ ടിയാന്റെ സസ്പെന്‍ഷന്‍ നീട്ടി നല്‍കി ഉത്തരവായിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ